വിദ്യാലയങ്ങളിൽ നിലവിലുണ്ട്. ഓരോ വിദ്യാലയവും അതിന്റെ അക്കാദമിക അക്കാദമികേതര പുരോഗതി മുന്നിൽക്കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇത് തയ്യാറാക്കാൻ എസ്.എം.സി., പി.റ്റി.എ. കമ്മിറ്റികളെ സജ്ജമാക്കുകയാണ് കമ്മ്യൂണിറ്റി ട്രെയിനിംഗിന്റെ പ്രധാന ഉദ്ദേശം.

(സി) സർക്കാർ ഉത്തരവിൻ പ്രകാരം ആവശ്യമായ മാനവവിഭവം ഒരളവുവരെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ പ്രവേശന നടപടികളുടെ ലഘൂകരണം

55 (5126) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്കൂൾ പ്രവേശനത്തിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഇപ്പോഴത്തെ സംസ്ഥാന സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങൾ തന്നെയാണ് ഇപ്പോഴും പിൻതുടർന്നു വരുന്നത്. എന്നാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ VI-ാം അദ്ധ്യായത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നതിനൊപ്പം യു.ഐ.ഡി./ ഇ.ഐ.ഡി. രേഖകൾകൂടി ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) സ്കൂൾ പ്രവേശന സമയത്ത് യു.ഐ.ഡി./ഇ.ഐ.ഡി. രേഖകൾ ഹാജരാക്കുകവഴി വിദ്യാർത്ഥികളുടെ എണ്ണം/പ്രവേശന സമ്പ്രദായം കൂടുതൽ സുതാര്യമാക്കുവാൻ സാധിക്കും.

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി 8-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ പ്രവേശനത്തിന് മറ്റ് പ്രകാരത്തിൽ യോഗ്യതകൾ പാലിക്കുന്നുണ്ടെങ്കിൽ റ്റി.സി. ഇല്ലാതെ തന്നെ പ്രവേശനം അനുവദിക്കാൻ അനുമതി നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല, സ്കൂൾ പ്രവേശനത്തിന് യാതൊരുവിധ യോഗ്യതാ പരീക്ഷയും നടത്താൻ പാടില്ല എന്നും സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly